

*പൈനൂർ പാടത്ത് കൃഷി പരിപാലിക്കുന്നവർ*

Madhyamam-25-02-2018-P-15

# മണ്ണ് മാടി വിളിച്ചു: പ്രവാസം ഉപേക്ഷിച്ച് അവർ പാടത്തിറങ്ങി

ചെന്ത്രാപ്പിന്നി: പ്രവാസ ജീവിതം ഉപേക്ഷിച്ച് നാട്ടിൽ പച്ചക്കറി കൃഷിയിലൂടെ വരുമാനവും സന്തോഷവും കണ്ടെത്തുകയാണ് മൂന്ന് സുഹൃത്തുക്കൾ. ചേർപ്പ് പടിഞ്ഞാട്ടുമുറി സ്വദേശികളായ ഷാജി വാക്കേപ്പറമ്പിൽ, അബ്ദുൽ കരീം കാക്കറാലി, പൈനൂർ സ്വദേശി ഷിബു നെമ്പട്ടി എന്നിവർ ചേർന്നാണ് പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചത്. എടത്തിരുത്തി പഞ്ചായത്തിലെ ഒന്നാം വാർഡിൽ പൈനൂർ പാടത്താണ് അഞ്ചേക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചത്. വർഷങ്ങളായി വിദേശത്തായിരുന്ന അബ്ദുൽ കരീമും ഷാജിയും രണ്ട് വർഷമായി നാട്ടിലെത്തിയിട്ട്. നാട്ടിലെത്തിയ ശേഷം സുഹൃത്ത് ഷിബുവുമായി ചേർന്ന് കൃഷിയിലേക്കിറങ്ങുകയായിരുന്നു. തരിശ് കിടന്നിരുന്ന പൈനൂർ പാടം കഠിനാധ്വാനം കൊണ്ട് ഇവർ കൃഷിയോഗ്യമാക്കി.

തുടർന്ന് ഒന്നര ഏക്കർ സ്ഥലത്ത് കപ്പയും മൂന്ന് ഏക്കർ സ്ഥലത്ത് മറ്റ് പച്ചക്കറികളും നട്ടുപിടിപ്പിച്ചു. പൊട്ടുവെള്ളരി, കുക്കുമ്പർ, മത്തൻ, മുള്ളങ്കി, ചോളം, കയ്പ, കുമ്പളം, പയർ, വെണ്ട എന്നിങ്ങനെ നിരവധി പച്ചക്കറികളാണ് പരിപാലിക്കുന്നത്. കൂടാതെ ഗൾഫിൽ നിന്ന് കൊണ്ടുവന്ന വിത്തുകളും പരീക്ഷണാടിസ്ഥാനത്തിൽ ഇവർ കൃഷി ചെയ്യുന്നുണ്ട്. മൂന്നുതരം വ്യത്യസ്തങ്ങളായ തണ്ണിമത്തൻ, ഷമാം, ലറ്റിയൂസ് എന്നിവയുടെ വിത്തുകളാണ് ഗൾഫിൽനിന്ന് കൊണ്ടുവന്നത്. നാട്ടിലെ മണ്ണ് ഇവക്ക് അനുയോജ്യമാവില്ലെന്ന് പലരും പറഞ്ഞെങ്കിലും പ്രതീക്ഷയോടെ ഇവർ കൃഷി ആരംഭിക്കുകയായിരുന്നു. എന്നാൽ നട്ട വിത്തുകളെല്ലാം മുളക്കുകയും പൂവിടുകയും ചെയ്തു. തങ്ങളുടെ അധ്വാനത്തിന് പാതി വിജയം കണ്ട സന്തോഷത്തിലാണ് മൂവ്വരും. ഒന്നര വർഷത്തിലേറെയായി അബ്ദുൽ കരീമിൻെറ ചേർപ്പിലുള്ള വീടിനോട് ചേർന്ന ഒരേക്കർ സ്ഥലത്തും വീടിൻെറ മട്ടുപ്പാവിലും കൃഷി നടത്തുന്നുണ്ട്. ഒരേക്കറിൽ നെൽകൃഷിയും വാഴയും പച്ചക്കറികളും മട്ടുപ്പാവിൽ മണിത്തക്കാളി, വിവിധ തരം മുളകുകൾ പച്ചക്കറികൾ എന്നിവയുമാണ് കൃഷി ചെയ്യുന്നത്.

പച്ചക്കറി വിത്തുകളെല്ലാം മണ്ണുത്തി കാർഷിക സർവകലാശാലയിൽ നിന്നും ഷമാം, ലറ്റിയൂസ് എന്നിവയുടെ വിത്തുകൾ വിദേശത്തുനിന്നും ആവശ്യാനുസരണം കൊണ്ടുവരികയാണ്. നാട്ടിലെത്തിയ ശേഷം മറ്റൊരു ബിസിനസ് നടത്തുന്ന ഷാജിയും ഏറെ നേരം കൃഷിക്കായി സമയം കണ്ടെത്തുന്നുണ്ട്. ഇവർക്കൊപ്പം നല്ലൊരു സഹായിയായി ഷിബുവും ഉണ്ട്. ജൈവരീതിയിലാണ് കൃഷി നടത്തുന്നത്. ഇതുവരേയും കൃഷിഭവൻെറ ഒരു സഹായവും ലഭിച്ചിട്ടില്ലെന്ന് ഇവർ പറഞ്ഞു. കഴിഞ്ഞ ദിവസം കുക്കുമ്പറിൻെറ ആദ്യഘട്ട വിളവെടുപ്പ് നടത്തി. ആദ്യ ദിനത്തിൽ തന്നെ 50 കിലോയിലധികം കുക്കുമ്പറാണ് വിളവെടുത്തത്. ഇതു കൂടാതെ വിഷുവിന് വിളവെടുക്കാൻ പാകത്തിൽ കണിവെള്ളരിയും പാകമാകുന്നുണ്ട്.